നിയമിക്കുവാനും (ഒഴിവിനനുസൃതമായി) ശേഷിക്കുന്ന തസ്തികയിൽ പുറമേ നിന്ന് നിയമനം നടത്തുവാനുമാണ് നിർദ്ദേശം. ഈ നിയമനങ്ങളെല്ലാം താൽക്കാലികമായിരിക്കും. എയ്ഡഡ് പ്ലസ് ടു സ്കൂളുകളിൽ, നിലവിൽ യോഗ്യരായ അദ്ധ്യാപകരുടെയിടയിൽ അവരെ പരിഗണിച്ചശേഷം ബാക്കിയുള്ള ഒഴിവിൽ പുറമേ നിന്നും നിയമനം നടത്തുവാനും ബഹു: സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ചാണ് ഇപ്പോൾ നിയമനം നടത്തുന്നത്.

(ഇ) അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതാ നിർണ്ണയ പരീക്ഷ കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് പ്രസ്തുത പരീക്ഷാ നടത്തിപ്പിന്റെ ചുമതല സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണറിലാണ് നിക്ഷിപ്തമാക്കിയിരിക്കുന്നത്.

അൺഎയിഡഡ് സ്കൂളുകളിൽ പ്ലസ് ടു കോഴ്സ്

51(459) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അൺഎയിഡഡ് സ്കൂൾ മാനേജ്മെന്റിൽ നിന്നും പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിന് എത്ര അപേക്ഷകൾ സർക്കാരിന് ലഭിച്ചു ;

(ബി) പ്രസ്തുത അപേക്ഷകർക്ക് പ്ലസ് ടു കോഴ്സ് അനുവദിച്ചോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(സി) 12 വർഷം സ്കൂൾ വിദ്യാഭ്യാസം എന്നുള്ള ദേശീയ വിദ്യാഭ്യാസ നയം അംഗീകരിച്ച്, 10-ാം ക്ലാസിലെ എല്ലാ സ്കൂളുകളിലും 11-ഉം 12-ഉം ക്ലാസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത സ്കൂളുകൾ നിർത്തലാക്കാൻ തീരുമാനിച്ചതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ഇ) ഇവ നിറുത്തലാക്കാൻ തീരുമാനിച്ചതുവഴി വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കുമുളവായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(എഫ്) കെ.ഇ.ആർ. അനുസരിച്ച് പ്രവർത്തിക്കുന്ന അൺഎയിഡഡ് സ്കൂളുകൾ നിറുത്തലാക്കാനും കെ.ഇ.ആർ. വ്യവസ്ഥ ചെയ്തിട്ടുള്ള പ്രൈവറ്റ് സ്റ്റഡി അവസാനിപ്പിക്കാനും സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നൂറ്റിഅൻപതോളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല. നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ നടപടി.

(സി) ഇത് പ്രായോഗികമല്ല.

(ഡി) അംഗീകാരമില്ലാത്ത സ്കൂളുകളിൽ കുട്ടികളെ പഠിപ്പിച്ച്, പരീക്ഷക്കിരുത്തി റ്റി.സി. നൽകുന്നത് നിയമപ്രകാരം അനുവദിക്കാൻ കഴിയില്ല.

(ഇ) അൺഎയിഡഡ് സ്കൂളുകളിൽ പഠിച്ചിരുന്ന 2,3,4 എന്നീ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് വിടുതൽ സർട്ടിഫിക്കറ്റ് ഇല്ലാതെയും പ്രവേശന പരീക്ഷ കൂടാതെയും സർക്കാർ, എയിഡഡ് അംഗീകൃത സ്കൂളുകളിൽ പ്രവേശനം നൽകുന്നതിനും, 5,6,7 എന്നീ ക്ലാസുകളിൽ പ്രവേശന പരീക്ഷയോടുകൂടി പ്രവേശനം നൽകാനും നിർദ്ദേശം നൽകിക്കഴിഞ്ഞു. ഇതിന് പ്രായപരിധി മാത്രമേ മാനദണ്ഡമാക്കാറുള്ളു.

(എഫ്) അൺഎയിഡഡ്, അൺറെഗ്നൈസ്ഡ് സ്കൂളുകൾ കെ.ഇ.ആർ. പരിധിയിൽ വരുന്നില്ല. അൺഎയിഡഡ് സ്കൂളുകളാണെങ്കിലും അംഗീകാരം കിട്ടിയ സ്കൂളുകൾ മാത്രമേ കെ.ഇ.ആർ. പരിധിയിൽ വരൂ. ഇത്തരം സ്കൂളുകൾ നിറുത്തലാക്കിയിട്ടില്ല.

പുതുതായി അനുവദിച്ച പ്ലസ് ടു കോഴ്സുകൾ

52(460) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്കൂളുകളിൽ പ്ലസ്ടു കോഴ്സ് അനുവദിച്ചിട്ടുണ്ട് ; അവ എവിടെയെല്ലാം ;

(ബി) പ്ലസ് ടു അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഓരോ സ്കൂളിനും എത്ര കോഴ്സുകൾ വീതമാണ് നൽകിയത് ;

(ഡി) കോളേജുകളിൽ നിന്നും പ്രീഡിഗ്രി പൂർണ്ണമായി വേർപ്പെടുത്തുമ്പോൾ എത്ര അദ്ധ്യാപകരും അനദ്ധ്യാപകരും അധികം വരുമെന്ന് കാണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്നു വ്യക്തമാക്കുമോ ;

(ഇ) ഇവർക്കു പ്രതിവർഷം എന്തു തുക ശംബളമായും മറ്റും നൽകേണ്ടിവരുമെന്ന് അറിയിക്കുമോ ;

(എഫ്) പുതുതായി ആരംഭിക്കുന്ന സ്കൂളുകളിൽ സയൻസ് സബ്ജക്ട് നൽകുമ്പോൾ പുതുതായി എത്ര അദ്ധ്യാപകരേയും അനദ്ധ്യാപകരേയും നിയമിക്കേണ്ടി വരുമെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly